നം.കെഎസ്എ.കെടിഎം.പി.10/1075/2019 തീയതി : 11.07.2019

# കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2018 മുതൽ 31.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.06.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു. എസ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.06.2019 മുതൽ 20.06.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സി.ആർ. ബീനാകുമാരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി വത്സമ്മ കുഞ്ഞുമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ഷീല എൽ.<br>ശ്രീമതി ലത എസ്. | 01.04.2018 മുതൽ 03.12.2018 വരെ<br>03.12.2018 മുതൽ 31.03.2019 വരെ |

## (സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഹയറുന്നിസ<br>അഞ്ജു.വി.എസ് | 01.04.2018 മുതൽ 25.10.2018 വരെ<br>26.10.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ജെസ്സി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ. സാലി സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ബിന്ദുശ്രീ<br>ഡോ. ലീന ജാസ്മിൻ ടി.എസ് | 01.04.2018 മുതൽ 04.10.2018 വരെ<br>05.10.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ഷൈല ഇ. | 01.04.2018 മുതൽ 20.11.2018 വരെ |
| | ജലജാമണി | 21.11.2018 മുതൽ 31.03.2019 വരെ |
| | അനൂപ്.പി.എസ് | 29.11.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിനീത കെ.ജി.<br>ലതികുമാരി അമ്മ പി. | 01.04.2018 മുതൽ 30.07.2018 വരെ<br>01.08.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | അജിത് ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ജയകുമാരി<br>കെ.കെ. ഉഷാഭായ് | 01.04.2018 മുതൽ 02.04.2018 വരെ<br>03.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | രഞ്ജിത്ത് എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ. ബീന ദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് - എൽ.പി.എസ് | തങ്കമ്മ വി.എം.<br>ലൗലി വി.എം.<br>ജോളി പി. ജോസഫ് | 01.04.2018 മുതൽ 31.05.2018 വരെ<br>01.06.2018 മുതൽ 20.07.2018 വരെ<br>21.07.2018 മുതൽ 31.03.2019 വരെ |

**(ഡി) ഉള്ളടക്കം**

| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 -- പൊതു അവലോകനം** | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വസ്തുനികുതി – അപാകതകൾ |
| 2-2 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ – സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല |
| 2-3 | പി.എച്ച്.സി.കോമ്പൗണ്ടിൽ മുറിച്ചിട്ട മരങ്ങൾ നാളിതുവരെ ലേലം ചെയ്തില്ല |
| 2-4 | ഇ-ടെണ്ടർ – ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കിയില്ല |
| 3-2 | ഇന്ധനക്ഷമതാ ടെസ്റ്റിന് ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ തുക ഒടുക്കിയെങ്കിലും നാളിതുവരെ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല |

| | |
|---|---|
| 3-3 | തൊഴിലുറപ്പ് പദ്ധതി – തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയത് – റീക്കപ്പ് ചെയ്തിട്ടില്ല |
| 3-4 | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമകേന്ദ്രം നിർമ്മാണം – പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല |
| 3-5 | ചായക്കാരൻ കുളം സംരക്ഷണം – പ്രോജക്ട് നിർവ്വഹണത്തിന്റെ നടപടിക്രമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 3-6 | ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജിനത്തിൽ അധികം തുക നൽകിയത് – അംഗീകരിക്കുന്നില്ല |
| 3-7 | അജൈവ മാലിന്യശേഖരണ പ്ലാന്റ് നിർമ്മാണം – ഫൈനൽ ബിൽ നൽകുകയോ, പദ്ധതി പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല |
| 3-8 | ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | ലൈഫ് ഭവനപദ്ധതി (ജനറൽ) – മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-10 | അഗതിരഹിത കേരളം പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


## ഭാഗം -1

## പൊതു അവലോകനം

# 1-1 ബജറ്റ് - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 27925705/- | 10505056/- | - | 17420649 |
| വരവ് | 196284000/- | 81314793/- | - | 114969207 |
| ആകെ | 224209705/- | 91819849/- | - | 132389856 |

| | | | | |
|---|---|---|---|---|
| ചെലവ് | 221875705/- | 63249646/- | - | 158626059 |
| നീക്കിയിരിപ്പ് | 2334000/- | 28570203/- | 26236203 | - |

2018-19 വർഷം 19.62 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 22.18 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2018-19 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.97 കോടി രൂപയും ചെലവ് 10.75കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2019 ലെ എ2/4440/18 നം. കത്ത് പ്രകാരം, 13.05.2019 തീയതിയിൽ വാർഷിക ധനകാര്യ പത്രിക സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 24.05.2019, 25.05.2019 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 04.06.2019-ലെ കെ.എസ്.എ.കെ.ടി.എം.പി10/778/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10505056/- |
| വരവ് | 81314793/- |
| ആകെ | 91819849/- |
| ചെലവ് | 63249646/- |
| നീക്കിയിരിപ്പ് | 28570203/- |

# 1-5 ഫണ്ട് വിനിയോഗം - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 16855000/- | 16855000/- | 15727302/- | 1127698/- | 93.03 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 7854000 | 7854000 | 5402849 | 2451151 | 68.79 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി. | 0 | 76000 | 76000 | 0 | 76000 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 9093000 | 9093000 | 6598653 | 2494347 | 75.56 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3439000 | 3439000 | 750736 | 2688264 | 21.84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7824000 | 7824000 | 6465423 | 1358577 | 82.63 |
| കെ.എൽ.ജി.സി.ഡി.പി | 0 | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് പദ്ധതി(MGNREGS) | 3733 | 14180452 | 14184185 | 14154397 | 29788 | 81.37 |
| ട്രഷറി ടി.എസ്.ബി | 7139071 | 9582967 | 16722038 | 5453104 | 11268934 | 32.61 |
| സംയുക്ത പ്രോജക്ട് (Joint Venture) | 2112000 | 2089408 | 4201408 | 3935334 | 266074 | 93.66 |

# 1-6 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതിയായ 2018-19 വാർഷിക പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018; ജി.ഒ.(എം.എസ്.) 22/2018/ത.സ്വ.ഭ.വ 14.02.2018 എന്നിവ പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്.

പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കുന്നതായി മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഫലപ്രദമായ പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ ഗ്രാമസഭയിലോ വർക്കിംഗ് ഗ്രൂപ്പിലോ ഉയർന്നു വരുന്നില്ലെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. തൻവർഷം അംഗീകാരം ലഭിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം (എണ്ണം) |
|---|---|---|---|---|
| 208 | 111 | 30 | 67 | 53.37 % |

ആകെ ആവിഷ്കരിച്ച പദ്ധതികളിൽ വെറും 53% മാത്രമാണ് തൻവർഷം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതിയുടെ മേഖലാതലത്തിലും നിർവ്വഹണോദ്യോഗസ്ഥ തലത്തിലും ഉള്ള പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| ഉത്പാദനം | 20 | 17 | 13709000 | 9566274 | 69.1 |
| സേവനം | 40 | 31 | 48160704 | 26888270 | 55.8 |
| പശ്ചാത്തലം | 124 | 61 | 31368983 | 17094358 | |
| ആകെ | 184 | 109 | 93238687 | 53548902 | 58 |

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏല്പിച്ച പദ്ധതികളുടെ | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | എണ്ണം | | | | |
| സെക്രട്ടറി | 26 | 20 | 8931214 | 5116077 | 57.28 |
| കൃഷി ഓഫീസർ | 8 | 8 | 5580000 | 5366202 | |
| വെറ്ററിനറി സർജൻ | 5 | 5 | 3680000 | 2781500 | |
| വി.ഇ.ഒ. | 12 | 9 | 27914950 | 16115208 | |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 2 | 2 | 600000 | 597835 | |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 324550 | 262400 | |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 4 | 4 | 5855550 | 5130751 | |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 2285760 | 1371323 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1985000 | 1354572 | |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 64000 | 64000 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 68 | 35917663 | 15289034 | 42.57 |

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഫലപ്രദമായ ഇടപെടലുകളിലൂടെയും മോണിട്ടറിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെയും പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

**പൊതുമരാമത്ത് പ്രവൃത്തികൾ**

പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഭാഗികമായി നടപ്പാക്കുന്ന പ്രവണത കണ്ടുവരുന്നു. പല പദ്ധതികളും പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്ന തരത്തിലല്ല പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും നടത്തിയിട്ടുള്ളത്. അജൈവമാലിന്യശേഖരണ പ്ലാന്റ് , മുതിർന്ന പൗരൻമാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം എന്നിവ നാളിതുവരെ ഫലപ്രാപ്തി കൈവരിച്ചില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഫയലുകൾ നടപടിക്രമങ്ങളുടെ പൂർണ്ണമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല. റീ ടെൻഡർ, ക്വട്ടേഷൻ വിശദാംശങ്ങളോ കാലയളവ് ദീർഘിപ്പിച്ചു നൽകുന്ന കമ്മിറ്റി തീരുമാനങ്ങളോ, സപ്ലിമെന്ററി എഗ്രിമെന്റുകളോ ഫയലിൽ സൂക്ഷിക്കുന്നില്ല. ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളുടെ കാലാവധി ഡിഫക്ട് ലയബിലിറ്റി പീരീഡിനു ശേഷം ഇരുപത്തിയെട്ട് ദിവസം കൂടി ഉണ്ടായിരിക്കണമെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല. കുളം സംരക്ഷണത്തിന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയെങ്കിലും ഇത് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയിൽ 42.6% മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 271

പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 121 പ്രോജക്ടുകളിൽ 85 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 36584 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 908 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജലസംരക്ഷണ വിഭാഗത്തിലുൾപ്പെട്ട വിവിധ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. 2018-19 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3733 | 939833 | 943566 | 913778 | 29788 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 13240619 | 13240619 | 13240619 | 0 |
| ആകെ | 3733 | 14180452 | 14184185 | 14154397 | 29788 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2018-19 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 47 | 43560/- |
| കർഷകതൊഴിലാളി പെൻഷൻ | 2066 | 8697500/- |
| വിധവാപെൻഷൻ | 2192 | 9306800/- |
| വാർദ്ധക്യകാലപെൻഷൻ | 3881 | 17363700/- |
| വികലാംഗപെൻഷൻ | 752 | 3209300/- |
| അവിവാഹിത പെൻഷൻ | 69 | 303600/- |
| വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം | 0 | 0 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച തൊഴിലാളികൾക്കുള്ള ഓണം അലവൻസ് | 37 | 37000 |
| പ്രൊഡക്ഷൻ ഇൻസെന്റീവ് (പാഡി ഗ്രോവെർസ്) | 896 | 920000 |

# 1-9 ക്യാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2019 തീയതിയിൽ 3:26 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 21,305/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിലും നികുതി വരുമാനത്തിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വാടകയിനത്തിൽ സ്ഥാപനത്തിന് വരവ് ഒന്നുംതന്നെയില്ല. സ.ഉ.(പി)നം.80/2017/ത.സ്വ.ഭ.വ. തീയതി 31.10.2017 പ്രകാരം പ്രാബല്യത്തിൽ വന്ന ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്ന പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി ഇനത്തിൽ 23.37ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ഫലപ്രദമാക്കേണ്ടതും സാമ്പത്തിക വികസന മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന് ഊന്നൽ നൽകേണ്ടതുമാണ് . ഇക്കാര്യത്തിലേക്ക് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.05.2019 | 04/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 – 18.03.2016 | 2010-11 to 2014-15 | LBA(HQ) II/8A-2418 തീയതി 10.05.2016 |

# 1-12 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്)152/2011/തസ്വഭവ തീയതി 26.07.2011 പ്രകാരം മുൻവർഷത്തെ ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് മൂല്യനിർണ്ണയം നടത്തി ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.
2. തൻവർഷത്തെ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി - സഞ്ചയപ്രകാരമുള്ള വരവ് ബാലൻസ് തുകകൾ സാംഖ്യപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. സംയുക്ത പ്രോജക്ടുകൾക്കുവേണ്ടിയുള്ള തുക വസ്തുനികുതിയുടെ ഇ-പേയ്മെന്റ് അക്കൗണ്ടിൽ നിലനിൽക്കുന്നു.
5. വാർഷിക കണക്കിലെ ബി15 ഷെഡ്യൂളിലെ വസ്തുനികുതി കുടിശ്ശിക തുകയുടെ 5% അല്ല ലൈബ്രറി സെസ് കണക്കാക്കിയിരിക്കുന്നത്.

   വാർഷിക കണക്കിലെ ബി 4 ഷെഡ്യൂളിലെ, 320700404 ശീർഷകത്തിലെ തുകയായ 148924/- രൂപയിൽ, 31.03.2018 തീയതിയിൽ 450210102 ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 45050/- രൂപ (25000 + 20050) ലഡ്ജർ പ്രകാരം 'അൺനോൺ ഫണ്ട്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി - അപാകതകൾ

2018-19 വർഷത്തെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | ആകെ അളവ് | നിലവിൽ ഈടാക്കിയിരിക്കുന്ന ആകെ അടിസ്ഥാനവസ്തു നികുതി | അപാകത | ഈടാക്കാവുന്ന ആകെ അടിസ്ഥാന വസ്തു നികുതി (200 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് സ്ഥാപനം ഈടാക്കിയിരിക്കുന്ന അടിസ്ഥാനവസ്തു |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | നികുതി അനുസരിച്ച്) |
| 13/374 A,B,C,D,F,G,H,I | ശിവൻപിള്ള, അമ്പിയിലായ വെള്ളാപ്പള്ളിൽ, നാലുകോടി | 259.77 | 12039 | 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ കാരണം വ്യക്തമാക്കാതെ ഭാഗിച്ച് വിവിധ നമ്പരുകൾ നല്കിയിരിക്കുന്നു. | 259.77x80= 20782 |
| 13/351 C,D,E,F | ട്രസ്റ്റി, സെന്റ് തോമസ് ചർച്ച് , നാലുകോടി. | 221.92 | 1554 | പള്ളി ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ നാലായി ഭാഗിച്ച് നമ്പർ നൽകിയിട്ടുണ്ട്. ഇത് അസംബ്ലി കെട്ടിടം / കൺവെൻഷൻ സെന്റർ /ലോഡ്ജ്, എന്ന ഉപയോഗക്രമത്തിൽ പെടുത്തി നികുതി നിർണയിച്ച് ഈടാക്കേണ്ടതിന് പകരം പാർപ്പിടം എന്ന ഉപയോഗക്രമത്തിൽ പെടുത്തി നികുതി നിർണയിച്ച് ഈടാക്കിയിരിക്കുന്നു. | 221.92x35= 7767 |
| 14/336 B,C,D,E | തോമസ് ജോസഫ്, കൊച്ചു പുരയ്ക്കൽ ഹൗസ്.പായിപ്പാട്. | 430.32 | 3012 | ലോഡ്ജ് എന്ന ഉപയോഗ ക്രമത്തിൽ പെടുത്താവുന്ന 200 ച.മീറ്ററിൽ കൂടുതൽ ഉള്ള കൂടിയ നിരക്കിൽ നികുതി നിർണയിക്കാവുന്ന ഒരു കെട്ടിടത്തെ കാരണം വ്യക്തമാക്കാതെ ഭാഗിച്ച് വിവിധ നമ്പരുകൾ നല്കി പാർപിടാവശ്യം എന്ന ഉപയോഗക്രമത്തിൽ പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചിരിക്കുന്നു | 430.32x35= 15061 |

200 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങളെ വ്യക്തമായ കാരണത്താലല്ലാതെ വിഭജിച്ച് നമ്പർ നൽകുന്നത് മൂലം വരുമാനത്തിൽ നഷ്ടമുണ്ടാകുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി (18/18-

19)ക്കള്ള മറുപടിയിൽ പറഞ്ഞിരിക്കും പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

2) മൊബൈൽ ടവറുകൾക്ക് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകി

പായിപ്പാട് ടൗൺ 10-ാംവാർഡിലെ രണ്ട് മൊബൈൽ ടവറുകൾക്ക് താഴ്ന്ന തരം മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ് (2013)അനുവദിച്ചിരിക്കുന്നതായി കാണുന്നു. മൊബൈൽ ടവറുകൾക്ക് ഈ ഇളവ് ബാധകമാകുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്. നമ്പർ. 10/468 റിലയൻസ് ഇൻഫോടെൽ ലി. 2018-19 ഒന്നാം അർദ്ധവർഷത്തെ വസ്തുനികുതി ഒടുക്കിയത് സഞ്ചയയിൽ പോസ്റ്റ് ചെയ്യേണ്ടതാണ്.

# 2-2 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- സർക്കാർ ഉത്തരവ് നടക്കാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ( ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾക്ക് 31.10.2017 - ലെ സ.ഉ (പി) നം. 80/ 2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് (എസ്. ആർ.ഒ നം. 674/2017) പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിരുന്നു. ഇത് പ്രകാരം പ്രാബല്യത്തിൽ വന്ന പുതുക്കിയ ചട്ടം പഞ്ചായത്ത് തലത്തിൽ തുടർനടപടികൾ സ്വീകരിച്ച് നടപ്പാക്കിയിട്ടില്ല. 2018-19 വർഷവും പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് 1996 ലെ ചട്ടപ്രകാരം തന്നെയാണ് ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് നൽകിയിരിക്കുന്നത്. പഞ്ചായത്ത് തലത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഭേദഗതി വരുത്തിയ ചട്ടം നടപ്പിലാക്കി ഓഡിറ്റിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 2-3 പി.എച്ച്.സി.കോമ്പൗണ്ടിൽ മുറിച്ചിട്ട മരങ്ങൾ നാളിതുവരെ ലേലം ചെയ്തില്ല

മുതിർന്ന പൗരന്മാർക്ക് വിനോദവിജ്ഞാന വിശ്രമകേന്ദ്രം നിർമ്മിക്കുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് സൈറ്റ് ക്ലിയർ ചെയ്യുന്നതിന് പി.എച്ച്.സി. കോമ്പൗണ്ടിൽ മുറിച്ചിട്ട മരങ്ങളുടെ വാല്യുവേഷൻ വിശദാംശങ്ങൾ (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, കോട്ടയത്തിന്റെ 08.08.2018ലെ എസ്.എഫ്.3-1303/2016 നമ്പർ കത്ത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | B.H.ൽ ചുറ്റളവ് (സെ.മീ) | വ്യാപ്തം | | നിരക്ക് (രൂ) | | വില (രൂ) | |
|---|---|---|---|---|---|---|---|---|
| | | | തടി M3 | വിറക് (MT) | തടി | വിറക് | തടി | വിറക് |
| 1. | ആഞ്ഞിലി | 212 | 1.980 | 1.230 | 26830 | 1770 | 53123 | 2177 |
| 2. | മുള്ളുവേങ്ങ | 94 | - | 0.250 | - | 1770 | - | 443 |
| 3. | പൊങ്ങല്യം | 93 | 0.218 | 0.195 | 5500 | 1770 | 1199 | 345 |
| 4. | തേക്ക് | 135 | 0.706 | 0.315 | 59370 | 5925 | 42268 | 1888 |
| 5. | വട്ട | 135 | 0.800 | 0.309 | 9500 | 1770 | 7600 | 547 |
| 6. | പൊങ്ങല്യം | 60 | - | - | - | - | - | - |
| 7. | മാവ് | 85 | - | 0.250 | - | 1770 | - | 443 |
| 8. | പൊങ്ങല്യം | 74 | 0.115 | 0.195 | 5500 | 1770 | 633 | 345 |
| 9. | റബ്ബർ | 73 | - | - | - | - | - | - |
| 10. | -- | 117 | - | | - | - | - | - |
| 11. | തെങ്ങ് | 88 | - | - | - | - | - | - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 12. | റബ്ബർ | 57 | | – | – | – | – | – | |
| 13. | -- | 113 | – | – | – | – | – | – | |
| 14. | എടന | 135 | 0.800 | 0.309 | 3860 | 1770 | 3088 | 547 | |
| 15. | -- | 95 | 0.322 | 0.195 | 2710 | 1770 | 873 | 345 | |
| 16. | റബ്ബർ | 51 | – | – | – | – | | | |
| 17. | പൊങ്ങല്യം | 130 | 0.674 | 0.258 | 5500 | 1770 | 3707 | 457 | |
| 18 | വട്ട | 115 | 0.552 | 0.222 | 9500 | 1770 | 5244 | 393 | |
| 19 | റബ്ബർ | 91 | – | – | – | – | – | – | |
| | ആകെ | | | | | | 117735 | 7930 | |

എന്നാൽ വ്യാല്യൂവേഷൻ തുക കൂടുതലായതിനാൽ 11.10.18ൽ നടന്ന ലേലത്തിലും 02.11.18ലെ പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല. തുടർന്ന് 10.01.19ൽ മരങ്ങളുടെ റീവാല്യൂവേഷൻ നടത്തുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയെങ്കിലും പുനർമൂല്യ നിർണ്ണയം നടത്തി ലഭിക്കാതിരുന്നതിനാൽ തടികൾ ലേലം ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വാല്യൂവേഷനിൽ കുറഞ്ഞ തുകയ്ക്ക് ലേലം നടത്തുന്നത് ഭരണസമിതിക്കും ബാധ്യതയായിത്തീരുമെന്നതിനാൽ ഭരണസമിതിക്കും ലേലനടപടികൾ കൈക്കൊള്ളാൻ കഴിയുന്നില്ല. 1,25,665/- (117735+7930) രൂപ പഞ്ചായത്തിന് നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇപ്രകാരം മരങ്ങൾ ലേലം ചെയ്യാൻ കഴിയാതെ സ്ഥാപനത്തിന് നഷ്ടം വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ – ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല.

തൻ വർഷംഅസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഇ-ടെണ്ടർ നടത്തിയതിൽ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീസ് | ടെണ്ടറുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| 141/18 | മുണ്ടുകോട്ടാ സി.എം.എസ്. എൽ.പി.എസ്.ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം | 1200 | 1 | 1200 |
| 142/18 | നാലുകോടി യു.പി.എസ്.ന് ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം | 1200 | 1 | 1200 |
| 130/18 | പൊടിപ്പാറ-മൂലയിൽപ്പടി റോഡ് ടാറിംഗ് | 1200 | 2 | 2400 |
| 40/18 | പൊതുശ്മശാനം ചുറ്റുമതിൽ നിർമ്മാണം | 2500 | 2 | 5000 |
| 62/18 | മുണ്ടുകോട്ടാൽ കളപ്പുരയ്ക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 1100 | 3 | 3300 |
| 129/19 | എസി കോളനി റോഡ് കോൺക്രീറ്റിംഗ് | 1500 | 2 | 3000 |
| | ആകെ | | | 16100 |

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 16100/- രൂപ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കിയില്ല.

തൻവർഷം ശ്രീമതി പ്രമീള ഒ.,സീനിയർ ക്ലാർക്കിന് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 21800359/21.08.2018 നമ്പർ വൗച്ചർ പ്രകാരം 10000/- രൂപ നൽകിയിരുന്നു. എന്നാൽ ടി തുകയിൽ 6000 രൂപ നാളിതുവരെ തിരികെ അടവാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/14.6.19) ലഭ്യമാക്കിയ മറുപടിയിൽ തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഇന്ധനക്ഷമതാ ടെസ്റ്റിന് ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ തുക ഒടുക്കിയെങ്കിലും നാളിതുവരെ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല-

പഞ്ചായത്ത് വക KL33 B421 നമ്പർ ബൊലേറോ ജീപ്പിന് ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ 1050/- രൂപ വൗച്ചർ നംപർ 21800771/13.12.2018 പ്രകാരം ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ടെസ്റ്റ് നടത്തിയതായോ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായോ കാണുന്നില്ല. 07/2018 വരെ പ്രാബല്യത്തിലുണ്ടായിരുന്ന 11 km/lit. എന്ന സർട്ടിഫിക്കറ്റാണ് അവസാനം ലഭ്യമായിട്ടുള്ളത്. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താതെ തന്നെ 12 km/lit. എന്ന നിരക്കിലാണ് നിലവിൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നത്. യഥാസമയം ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) ലഭിച്ച മറുപടിയിൽ നിന്നും ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നു. ജി.ഒ.(എം.എസ്.) 170/07/ത.സ്വ.ഭ.വ.30.06.2007 പ്രകാരം ആറ് മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ പരിശോധന നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിദ്ദേശം പാലിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 1050/- രൂപയുടെ വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി - തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയത് - റീക്കൂപ്പ് ചെയ്തിട്ടില്ല

2018-19 വർഷം തൊഴിലുറപ്പ് പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 4,08,320/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സാക്ഷരത പ്രവർത്തനങ്ങൾക്ക് നൽകിയ തുക ഉൾപ്പെടെ 408763/- രൂപ റീക്കൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്നു. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകളും രജിസ്റ്ററിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും അവശേഷിക്കുന്ന മുൻകൂർ റീക്കൂപ്പ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം നിർമ്മാണം - പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO 181/18 |
| പ്രോജക്ടിന്റെ പേര് | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം നിർമ്മാണം |
| | |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട് 453400<br>ബ്ലോക്ക് വിഹിതം 700000<br>ജില്ലാ പഞ്ചായത്ത് വിഹിതം 1000000<br>-----------<br>ആകെ 2153400 |
| ചെലവ് | 1661526 |
| എഗ്രിമെന്റ് നം. | 54/AE/LSGD/PPD/17-18 dt 27.2.2018 |
| എം.ബുക്ക് നം. | 55/18-19; 24/18-19 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന് തൻവർഷം 1661526/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1. പദ്ധതി നിർവ്വഹണത്തിനായി 27.02.2018 ൽ എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയതു. പ്രോജക്ട് പ്രകാരം ഒരു വർഷമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയതായി കാണുന്നില്ല.
2. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ കമ്മിറ്റി തീരുമാനങ്ങളോ, സപ്ലിമെന്ററി എഗ്രിമെന്റോ ഫയലിൽ കാണുന്നില്ല.
3. മൂന്ന് പാർട്ട് ബില്ലുകൾ നാളിതുവരെ നൽകിയിട്ടുണ്ടെങ്കിലും ഒന്നാമത് പാർട്ട് ബില്ലിൽ മാത്രമാണ് നിയമാനുസൃത റീടെൻഷൻ പിടിച്ചതായി കാണുന്നത്. റീടെൻഷൻ തുക പിൻവലിച്ച് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത് സൂക്ഷിക്കുന്നില്ല.
4. കെട്ടിടം പ്രവർത്തനസജ്ജമാകണമെങ്കിൽ അവശ്യം ഉൾപ്പെടുത്തേണ്ടിയിരുന്ന ഇലക്ട്രിഫിക്കേഷൻ , പ്ലംബിംഗ് പ്രവൃത്തികൾ ചെയ്തിട്ടില്ല.
5. സ്ഥിരനിക്ഷേപ രസീതിന്റെ കാലാവധി ഡിഫക്ട്സ് ലയബിലിറ്റി പീരീഡ് കഴിഞ്ഞ് 28 ദിവസം കൂടി ഉള്ളതായിരിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.
6. ഇത് സംബന്ധിച്ച എം. ബുക്ക് പരിശോധിച്ചതിൽ 10-ാം നംപരായി ചെയ്ത "Centering and shuttering including strutting etc. And removal of form for foundations , footings, bases of columns etc. for mass concrete"എന്ന ഇനത്തിന് അനുവദനീയമായ നിരക്ക് 279.52 ആണ്. എന്നാൽ എം.ബുക്ക് പേജ് 29ൽ പേജ് 19ലെ അളവുകൾ പ്രകാരം 17.586m2 ന് 494.19/m2 നിരക്കിൽ തുക നൽകിയിരിക്കുന്നു. കൂടാതെ പേജ് 27,28 ലായി ഇനം 10 പ്രവൃത്തി ചെയ്ത അളവ് 24.338 m2 (17.586 + 2.600 + 4.152) ആണ്. എസ്റ്റിമേറ്റ് പ്രകാരം 20.520 m2 ആണ് അനുവദനീയമായ അളവ്. 3.818 m2 അധികം ചെയ്തതിന് അളവ് ലിമിറ്റ് ചെയ്യാതെ അധികം തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

17.586m2 ന് അനുവദനീയമായ തുക = 17.586 x 279.52 = 4915.64

17.586m2 ന് നൽകിയ തുക = 17.586 x 494.19 = 8690.83

അധികം നൽകിയത് = 3775.19

3.818 m2 പ്രവൃത്തിക്ക് അധികം നൽകിയത് = 3.818x279.52 =1067.21 രൂപ

ആകെ അധികം നൽകിയത് = 3775.19 + 1067.21 = 4842.40 രൂപ

കൂടാതെ രണ്ടാം പാർട്ട് ബിൽ പ്രകാരം (എം.ബുക്ക് 24 പേജ് 77,78 ) വീണ്ടും ഇനം 10 പ്രവൃത്തിക്ക് 3848.43 രൂപ നൽകിയിരിക്കുന്നു. എസ്റ്റിമേറ്റ് അളവിൽ നിന്നും അധികരിച്ചു ചെയ്ത ടി പ്രവൃത്തിക്ക് നൽകിയ തുക

അനുവദനീയമല്ല. ഇപ്രകാരം ആകെ അധികം ചെലവഴിച്ച 8690.83 രൂപയ്ക്ക് (4842.40 + 3848.43) വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക രണ്ടാം പാർട്ട് ബില്ലിൽ ക്രമീകരിച്ചതായും അപാകത പരിഹരിച്ചതിനുശേഷമേ ഫൈനൽ ബിൽ നൽകൂ എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ഫൈനൽ ബിൽ നൽകി പ്രവൃത്തി പൂർത്തീകരിച്ച് പ്രവത്തനക്ഷമമാക്കിയും ഫയൽ രേഖകൾ പൂർണ്ണമാക്കിയും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 16,61,526/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-5 ചായക്കാരൻ കുളം സംരക്ഷണം -പ്രോജക്ട് നിർവഹണത്തിന്റെ നടപടിക്രമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം.-180/19

അടങ്കൽ -700000/-

ചെലവ് - 562225/- (ബിൽ നം.38/18-19തീ.27.11.18,300000/- ,ബിൽ നം.39/18-19തീ.27.11.18, 262225/-)

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ആവിഷ്കരിച്ച ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി ഇ-ടെണ്ടർ മുഖേന ഹരിശങ്കർ വി. എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 7.39% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് ടെണ്ടർ സമർപ്പിച്ചതായി ഫയലിലുണ്ട്. എന്നാൽ എസ്റ്റിമേറ്റ് നിരക്കിൽ ക്വൊട്ടേഷൻ സമർപ്പിച്ച ടോണി തോമസ് സെബാസ്റ്റ്യൻ എന്നയാളുമായാണ് പ്രവൃത്തി നിർവഹണത്തിനായി കരാറിലേർപ്പെട്ടത്. നിർവഹണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭ്യമാകാത്തതിനാൽ നിർവഹണരീതിയുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16) റീ ടെണ്ടർ, ക്വട്ടേഷൻ എന്നിവ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

# 3-6 ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നൽകിയത് - അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO 179/18 & SO 200/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 200000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| കൺവീനർ | ശ്രീമതി രുഗ്മിണി അമ്മ |
| ചെലവ് | 109912/- |
| ബിൽ നംപർ തീയതി | 28/18-19/16.11.2018; 66/18-19 /20.02.2019 |
| എഗ്രിമെന്റ് | No.88/AE/LSGD/PPD/16-17 dtd.3.3.17 |
| കൺവീനർക്ക് തുക കൊടുത്തതിന്റെ വിവരം | A/c no. 050331201020080 |

ഗുണഭോക്തൃസമിതി മുഖേന ചെയ്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. 01.07.2017 മുതൽ ജി.എസ്.ടി. നിലവിൽ വരികയും സ.ഉ.(അച്ചടി) 87/17 തസ്വഭവ

1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കിഴിവ് ചെയ്യുന്നത് ജി.എസ്.ടി. കൗൺസിൽ താല്ക്കാലികമായി ഒഴിവാക്കുകയും (9/18 വരെ) ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ ഒന്നാം പാർട്ട്ബില്ലിൽ 5% തുകയും രണ്ടാം പാർട്ട് ബില്ലിൽ 3%തുകയും കുറച്ചാണ് പിൻവലിക്കേണ്ടിയിരുന്നത്.( 10/18 മുതൽ 2 % നിലവിൽ വന്ന സാഹചര്യത്തിൽ). ഇപ്രകാരം കൺവീനർക്ക് അനർഹമായി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | നൽകിയത് | | നൽകേണ്ടത് | |
|---|---|---|---|---|
| | ഒന്നാം പാർട്ട് ബിൽ | രണ്ടാം പാർട്ട് ബിൽ | ഒന്നാം പാർട്ട് ബിൽ | രണ്ടാം പാർട്ട് ബിൽ |
| ആകെ വേലമൂല്യം | 93931 | 15981 | 93931 | 15981 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയത് കുറയ്ക്കുക | - | - | 4697 (5%) | 479(3%) |
| പിൻവലിക്കേണ്ടിയിരുന്നത് | - | - | 89234 | 15502 |
| കുറയ്ക്കുക IT 2% | 1879 | 320 | 1879 | 320 |
| KCWF 1% | 939 | 160 | 939 | 160 |
| Fine 2% | 1879 | 320 | 1879 | 320 |
| CGST 1% | - | 160 | - | 160 |
| SGST 1% | - | 160 | - | 160 |
| കൺവീനർക്കുള്ള തുക | 89234 | 14861 | 84537 | 14382 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17) മറുപടി ലഭ്യമാക്കിയില്ല. ഒന്നാം പാർട്ട് ബില്ലിൽ നൽകിയ 4697/- രൂപയും രണ്ടാം പാർട്ട് ബില്ലിൽ അധികം നൽകിയ 479/- രൂപയും ഉൾപ്പെടെ 5176/- രൂപ കൺവീനർക്ക് അധികം നൽകിയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-7 അജൈവ മാലിന്യശേഖരണ പ്ലാന്റ് നിർമ്മാണം - ഫൈനൽ ബിൽ നൽകുകയോ, പദ്ധതി പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 178/19 |
| അടങ്കൽ തുക | 1062000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 659013 |
| ബിൽ നം. | 78/18-19/25.03.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം.ബുക്ക് നം. | 51/18-19 ; 66/18-19 |

പഞ്ചായത്ത് പ്രദേശത്തെ വീടുകളിൽ നിന്നും ഹരിത കർമ്മസേനയുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിൽ എത്തിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ നാല് മുറികളുള്ള ഒരു ശേഖരണ പ്ലാന്റ് നിർമ്മിക്കുകയാണ് ടി പ്രോജക്ട് പ്രകാരം ചെയ്തത്. എം. ബുക്ക് പരിശോധിച്ചതിൽ 18-19 വർഷം ടി പ്രവൃത്തിക്ക് 977417/- രൂപ ചെലവായതായി കാണുന്നുണ്ടെങ്കിലും 6,59,013/- രൂപയുടെ പാർട്ട് ബിൽ മാത്രമാണ് നാളിതുവരെ മാറിയിട്ടുള്ളത്. ഫൈനൽ ബിൽ നൽകുന്നതിന് റിക്വിസിഷൻ നൽകിയിട്ടും ഫണ്ട് അനുവദിച്ചു നൽകിയില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്.

കൂടാതെ മാലിന്യങ്ങൾ ഓഫീസ് മുറി ഉൾപ്പെടെയുള്ള മുറികളിൽ കൂട്ടിയിരിക്കുന്നതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പ്രവർത്തനവിവരങ്ങൾ ശേഖരിക്കുന്നതിനും ഓഫീസ് തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയോ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. യഥാസമയം ബിൽ മാറാതിരുന്നതിനും പ്രവർത്തനങ്ങൾ ആരംഭിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.19) ഫൈനൽ ബിൽ നൽകുന്നതിനുള്ള തുക സ്പിൽഓവറായി 2019-20 പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തൂക്കൊടിത്താനം ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് പ്രത്യേക കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഫൈനൽ ബിൽ നൽകി പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 6,59,013/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 33/18-19, ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് 100000 |
| ചെലവ് | വികസനഫണ്ട് 100000 |
| ബിൽ നം, തീയതി | 1-18/19, 19.11.18 |

പായിപ്പാട് ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ പ്രോജക്ടിന്റെ ഫയൽ, സ്റ്റോക്ക് രജിസ്റ്റർ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ബിൽ പ്രകാരം 100000/- രൂപ ആലപ്പുഴ ഹോംകോയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു. മരുന്നു ലഭിക്കാഞ്ഞതിനെ തുടർന്ന് 31/12/18 ൽ 130/18ജിഎച്ച്ഡിപി നമ്പരായി ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് കത്തു നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്രോജക്ടിനായുള്ള 1,00,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 ലൈഫ് ഭവനപദ്ധതി (ജനറൽ)- മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 29/18-19 |
| അടങ്കൽ | ചെലവ് |
| വികസനഫണ്ട് 3200000 | 3200000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1400000 | 1400000 |
| ജില്ലാ പഞ്ചായത്ത് വിഹിതം 489408 | 489408 |
| മറ്റുള്ളവ (ലോൺ) 10110592 | 4860000 |
| ആകെ 15200000 | 9949408 |

പായിപ്പാട് ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ 33 ഗുണഭോക്താക്കൾക്ക് ഭവനനിർമാണം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്ന് 9949408/- രൂപ ചെലവഴിച്ചിട്ടുണ്ട്. 15200000/- രൂപ അടങ്കലുള്ള ടി പ്രോജക്ടിലെ കുറച്ചു ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമാണം പൂർത്തീകരിച്ച് മുഴവൻ

തുകയും (400000 രൂപ) കൈപ്പറ്റിയിട്ടുള്ളൂ. നിർമാണം ആരംഭിച്ച് 6 മാസത്തിനകം പണി പൂർത്തീകരികരിക്കുന്നതാണെന്ന് ഓരോ ഗുണഭോക്താവും കരാറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവനനിർമാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താക്കളുടെ പേരും വിലാസവും | ആദ്യ ഗഡു തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| ഷാജിമോൻ കെ.കെ<br>തയ്യാട്ട്, പള്ളിക്കച്ചിറ | 26.7.18 | 260000 |
| ഷൈലമ്മ,അനിൽഭവനം,<br>നാലുകോടി | 7.9.18 | 300000 |
| കെ.സാബു (സുനിമോൾ ) | 7.9.18 | 260000 |
| ലീലമ്മ.എസ്.നായർ<br>കമൽ സദനം | 7.9.18 | 260000 |
| അപ്പുകുട്ടനാചാരി(പൊന്നമ്മ) ,<br>തടത്തിപ്പറമ്പിൽ, പള്ളിക്കച്ചിറ | 7.9.18 | 260000 |
| സുഭാഷിണി രാജു<br>എ.സി കോളനി.113<br>പനച്ചിക്കാവ് | 28.9.18 | 260000 |
| ഷനിതമോൾ (അനികുമാർ)<br>പേരാത്തുശേരി,പനച്ചിക്കാവ് | 28.9.18 | 260000 |
| എൽസമ്മ ലാലു<br>മക്കെള്ളിൽ വീട്, പനച്ചിക്കാവ്. | 28.9.18 | 260000 |
| കനകമുരുകൻ | 28.9.18 | 360000 |

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭവനനിർമാണം പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-10 അഗതി രഹിത കേരളം പദ്ധതി

പ്രോജക്ട് നം. -151/19

50000/-(വികസനഫണ്ട് -ജനറൽ)

50000/- (ബിൽ നം.12/18-19, തീ. 27/2/19)

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയതും കുടുംബശ്രീവഴി അഗതികൾക്ക് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചതുമായ ഈ പ്രോജക്ട് പ്രകാരം കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. ഈ തുക ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.3/14.6.19) മറുപടിയിൽ അഗതി രഹിത കേരളം പദ്ധതി പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും ആശ്രയ രണ്ടാം ഘട്ട ആക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ടി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ ലിസ്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം

ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ച് പ്രോജക്ട് നിർവഹണം നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പാടശേഖരങ്ങൾക്ക് പെട്ടിയും പറയും (196/18-19) | 800000/- | 30.03.2018 | 637800/- | 162200 |
| | ലൈഫ് ഭവന പദ്ധതി (29/18-19) | 1400000/- | 07.09.2018 | 1400000/- | ഇല്ല |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (64/18-19) | 200000/- | 06.12.2018 | 200000/- | ഇല്ല |
| | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം (181/18-19) | 700000 | 28.08.2017 | 700000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (29/18-19) | 489408 | 12.11.2018 | 489408 | ഇല്ല |
| | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം (181/18-19) | 612000 | 11.08.2017 | 508126 | 103874 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി (ബിൽ നം. / തീയതി) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഏഴുവന്താനം കുന്നംപുറം പൈപ്പ്ലൈൻ നീട്ടൽ (78/19) | 70000/- | 21800704 (22.11.18) | ഇല്ല | 70000/- |
| | മരങ്ങാട്ടുപള്ളി ഗുരുമന്ദിരം പൈപ്പ്ലൈൻ നീട്ടൽ (79/19) | 300000/- | 21800705 (22.11.18) | ഇല്ല | 300000/- |
| കെ.എസ്. ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് (84/19) | 20086/- | 21800708 (22.11.18) | ഇല്ല | 20086/- |
| | ഇലക്ട്രിക് ലൈൻ നീട്ടൽ (12/19) | 279837/- | 21800766 (30.11.18) | ഇല്ല | 279837/- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | വാർഡ് നം. 16- ൽ പൈപ്പ്ലൈൻ നീട്ടൽ (223/19) | 19635/- | 21801135 (15.03.19) | ഇല്ല | 19635/- |
| | വിവിധ വാർഡുകളിൽ ലൈൻ നീട്ടൽ (201/19) | 200000/- | 21800232 (30.06.18) | ഇല്ല | 200000/- |
| | വാർഡ് നം. 3 - ൽ പൈപ്പ്ലൈൻ നീട്ടൽ (88/19) | 98569/- | 21800620 (24.10.18) | ഇല്ല | 98569/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | --- | --- | 4866768 | --- | --- | 4866768 |

തൻവർഷം ലഭിച്ച വായ്പയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 6,768/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ (ഇ-പെയ്മെന്റ് അക്കൗണ്ട് നം.36847991241) സൂക്ഷിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

31.03.2019 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.1<br>2.2.2 | 2016-17 | ഖണ്ഡിക - 1 അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.3.1, 2, | 2016-17 | ഖണ്ഡിക - 2 | തൊഴിൽ നികുതി | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | 3, 4, 5 | | അനുബന്ധം-4 | | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5.1<br>2.5.2<br>2.5.3 | 2016-17 | ഖണ്ഡിക - 2<br>അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 91819849 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63249646 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5176 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2420539 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 5176/- | ശ്രീ.അജിത് ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 16,61,526 | ശ്രീ.അജിത് ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 6,59,013 | ശ്രീ.അജിത് ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 1,00,000 | ശ്രീമതി ലീന ജാസ്മിൻ ടി.എസ്., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 24,20,539 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.അജിത് ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പായിപ്പാട് ഗ്രാമപഞ്ചായത്ത് | കൈതയിൽ (H) വിൻസൺ സ്ട്രീറ്റ് |

| | | |
|---|---|---|
| | | ഈരേഴികടവ്, കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.കെ.പി3/210/98/16.5.98/3.9.99 | |
| 97-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 98-99(ചെലവ്) 98-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി3/1661/16/05.01.18 | 6 |
| 99-00 | കെ.എസ്.എ-കെ.ടി.എം.പി3/1661/16/22.01.18 | 9 |
| 01-02 | എൽ.എഫ്.കെ.പി8/906/07 22.04.09 | 4 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(4)/2018/01.02.18 | 1 |
| 03-04 ചെലവ് | എൽ.എഫ്.കെ.പി8/165/07/04.07.09 | 13 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(6)/2018/01.02.18 | 4 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(7)/2018/01.02.18 | 1 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(11)/2018/01.02.18 | 6 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(8)/2018/01.02.18 | 9 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(9)/2018/01.02.18 | 5 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(10)/2018/01.02.18 | 12 |
| 12-13 | എൽ.എഫ്.കെ.പി3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/175/15/10.3.16 | 24 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/1803/16/03.04.17 | 19 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി13/1931/16/02.05.17 | 45 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി10/412/16/05.10.2017 | 45 |
| 17-18 | കെ.എസ്.എ-കെ.ടി.എം.പി10/2024/18/03.05.19 | 40 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി10/1075/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 11.07.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം